(ഇ) മീനങ്ങാടി പഞ്ചായത്തിലെ സുതിക്കവലയിൽ റേഷൻ കട തുടങ്ങാൻ വിജ്ഞാപനം പുറപ്പെടുവിച്ചതിൻപ്രകാരം 26-5-2010-ൽ ലഭിച്ച അപേക്ഷകളിൽ താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. റേഷൻകട നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ അന്തിമ വിധിക്ക് വിധേയമായി ഈ റേഷൻ കടയുടെ നിയമനം നടത്തുന്നതായിരിക്കും.

രണ്ട് രൂപയ്ക്ക് അരി

93 (159) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിൽ പണിയെടുത്തിട്ടുള്ളവർക്ക് ക്ഷേമനിധി വഴി നൽകിയിട്ടുള്ള ലിസ്റ്റ് പ്രകാരം രണ്ട് രൂപയ്ക്ക് അരി വിതരണം റേഷൻ കട വഴി നൽകുമെന്ന തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞുവോ ; വിശദമാക്കുമോ ;

(ബി) താലൂക്ക് സപ്ലൈ ഓഫീസിൽ ക്ഷേമനിധിയിൽ നിന്ന് കൊടുത്തിട്ടുള്ള ലിസ്റ്റുകൾ റേഷൻ കടകൾക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ക്ഷേമനിധിയിൽ അംഗമല്ലാത്തതും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ദരിദ്രർക്ക് രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുന്നതിന് ഏതെങ്കിലും സംവിധാനം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിലെ അർഹരായ ഗുണഭോക്താക്കൾക്ക് അതത് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി 1-6-2010 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ലിസ്റ്റുകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് റേഷൻ കടകൾക്ക് നല്കിയിട്ടുണ്ട്.

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രണ്ടു രൂപാ നിരക്കിൽ അരി വിതരണം ചെയ്തുവരുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്ഷേമനിധിയിൽ അംഗമല്ലാത്ത തൊഴിലാളി കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ക്ഷേമനിധിയിൽ അംഗമല്ലാത്ത മറ്റ് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊഴിൽ വകുപ്പിൽ നിന്നും ലഭ്യമാക്കി 2 രൂപ അരിയുടെ ആനുകൂല്യം നല്കാനുള്ള സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly